LIBRARY ARCHIVES Kerala Legislative Assembly

പട്ടിക ഗോത്രവർഗ്ഗ ഊരുകളിൽ വൈദ്യുതി എത്തിക്കാനായി സർക്കാർ നടത്തുന്ന ശ്രമങ്ങൾ

194(208) ശ്രീ. പി. വി. അൻവർ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതുവരെ വൈദ്യുതി എത്താതിരുന്ന ഒറ്റപ്പെട്ടുകിടക്കുന്ന പട്ടിക ഗോത്രവർഗ്ഗ ഊരുകളിൽ വൈദ്യുതി എത്തിക്കാനായി സർക്കാർ നടത്തുന്ന ശ്രമങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

വനത്തിൽകൂടി ലൈൻ വലിച്ച് വൈദ്യുതി നൽകേണ്ട എറണാകുളം, വയനാട്, പാലക്കാട്, ഇടുക്കി, തൃശ്ശൂർ, കണ്ണൂർ, പത്തനംതിട്ട, മലപ്പുറം ജില്ലകളിലെ വനാന്തരങ്ങളിൽ സ്ഥിതി ചെയ്യുന്ന 64 പട്ടിക ഗോത്രവർഗ്ഗക്കാരുടെ കോളനികളിൽ വൈദ്യുതി ലഭ്യമല്ലെന്നുള്ളത് കണ്ടെത്തുകയും അവയുടെ DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്തുവരുന്നു. വൈദ്യുതീകരണത്തിനാവശ്യമായ തുക ലഭ്യമാക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ നടപ്പിലാക്കുന്നതാണ്.

(ബി) ഗോത്രവർഗ്ഗക്കാരുടെ ഊരുകളിൽ വൈദ്യുതി ലഭ്യത ഉറപ്പാക്കുന്നതിനായി വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിന് സംസ്ഥാന, ജില്ലാതല സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ഘടന എന്താണെന്നറിയിക്കുമോ?

പ്രസ്തുത ഗോത്രവർഗ്ഗ ഊരുകൾ വനാന്തർഭാഗത്ത് സ്ഥിതി ചെയ്യുന്ന വിദൂര കോളനികളായതിനാൽ ഈ പ്രദേശങ്ങളിലെ വൈദ്യുതീകരണത്തിന് വനത്തിൽക്കൂടി ലൈൻ വലിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമായി വരുമെന്നതും വളരെ കുറച്ച് കണക്ഷൻ നൽകുവാനായി കൂടുതൽ തുക ചെലവഴിക്കേണ്ടി വരുമെന്നതും ഈ പ്രദേശങ്ങളിൽ ഗ്രിഡ് വൈദ്യുതി എത്തിക്കുന്നതിനുള്ള വെല്ലുവിളിയാണ്. അതിനാൽ വൈദ്യുതീകരണ പ്രവർത്തനം വേഗത്തിലാക്കുന്നതിനായി സംസ്ഥാന ജില്ലാ തല സമിതികൾ 5-7-2021-ലെ ഗവൺമെന്റ് ഉത്തരവ് G.O. (Rt) No.87/2021/PD പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ഊർജ്ജ വകുപ്പ് സെക്രട്ടറി കൺവീനറായും തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക വിഭാഗ വികസന വകുപ്പ് സെക്രട്ടറി, ചെയർമാൻ, കെ.എസ്.ഇ.ബി.എൽ., ഡയറക്ടർ അനെർട്ട്, ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ അംഗങ്ങളായുമാണ് സംസ്ഥാനതല സമിതി രൂപീകരിച്ചിട്ടുള്ളത്. ഓരോ ജില്ലയിലെയും

LIBRARY ARCHIVES Kerala Legislative Assembly

ജില്ലാ കളക്ടർ ചെയർമാനായും അതാത് ജില്ലയിലെ KSEBL-ന്റെ പ്രതിനിധി കൺവീനറായും, പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, വനം വകുപ്പ് പ്രതിനിധികൾ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി എന്നിവർ അംഗങ്ങളായുമാണ് ജില്ലാ തല സമിതി രൂപീകരിച്ചിട്ടുള്ളത്.

(സി) നിലവിൽ വൈദ്യുതി എത്താത്ത ഏതെല്ലാം ഗോത്രവർഗ്ഗ ഊരുകൾ ഉണ്ടെന്നും ഇവിടെ വൈദ്യുതി എത്തിക്കുന്നതിനായി എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നുണ്ടെന്നും അറിയിക്കാമോ?

വൈദ്യുതി എത്താത്ത 64 ആദിവാസി കോളനികളാണ് നിലവിൽ KSEBL കണ്ടെത്തിയിട്ടുള്ളത്. കോളനികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.* ഇതിൽ രണ്ടു കോളനികളിൽ ഇപ്പോൾ ആൾതാമസമില്ല. 47 കോളനികളുടെ വൈദ്യുതീകരണത്തിനായി 38.11 കോടി രൂപയുടെ എസ്റ്റിമേറ്റ് KSEBL തയ്യാറാക്കിയിട്ടുണ്ട്. റോഡുകൾ ഇല്ലാത്തതുമൂലം എത്തിപ്പെടാനുള്ള ബുദ്ധിമുട്ടും വന്യമൃഗങ്ങളുടെ സാന്നിദ്ധ്യവും കാരണം 15 കോളനികളുടെ ഗ്രിഡ് വൈദ്യുതീകരണത്തിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാൻ സാധിച്ചിട്ടില്ല. എസ്റ്റിമേറ്റ് തയ്യാറാക്കാത്ത 15 കോളനികളിലും എസ്റ്റിമേറ്റ് തയ്യാറാക്കിയ 47 കോളനികളിൽ 6 കോളനികളിലും സോളാർ വൈദ്യുതിയാണ് അഭികാമ്യമെന്നാണ് കണ്ടെത്തിയിരിക്കുന്നത്. എസ്റ്റിമേറ്റ് തയ്യാറാക്കാത്ത 15 കോളനികളിൽ 5 കോളനികളിൽ നിലവിൽ സോളാർ വൈദ്യുതി ലഭ്യമാണ്.

(ഡി) പ്രസ്തുത പദ്ധതി കൂടുതൽ സുരക്ഷിതമായി നടപ്പിലാക്കുന്നതിനും പ്രസരണനഷ്ടം ഒഴിവാക്കുന്നതിനും മുൻഗണന നൽകുന്നുണ്ടോ; വിശദമാക്കുമോ?

വനത്തിൽകൂടി വലിക്കുന്ന വൈദ്യുതലൈനുകളിൽനിന്നും വന്യമൃഗങ്ങൾക്ക് അപകടം ഉണ്ടാകാതിരിക്കുവാനായി മിക്കസ്ഥലങ്ങളിലും bare conductor ഉപയോഗിക്കാതെ കവചിത ചാലകങ്ങൾ (covered conductor/ABC) അല്ലെങ്കിൽ ഭൂഗർഭ കേബിളുകൾ ഉപയോഗിച്ചു വൈദ്യുതി എത്തിക്കുന്നതിനായാണ് എസ്റ്റിമേറ്റ് എടുത്തിട്ടുള്ളത്.

തൃശ്ശൂർ ജില്ലയിൽ ചൂലിശ്ശേരിയിൽ പോൾകാസ്റ്റിംഗ് യൂണിറ്റ്

195(209) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ചൂലിശ്ശേരിയിൽ വൈദ്യുത ബോർഡിന്റെ കൈവശത്തിൽ ഏകദേശം 4 ഏക്കർ ഭൂമി യാതൊരു പ്രവർത്തനവും ഇല്ലാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.